പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2607.

01.04.2013-ലെ മറുപടിയ്ക്ക്

## പുന്നമട ടൂറിസം ടെർമിനൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജി. സുധാകരൻ** | | **ശ്രീ.എ.പി.അനിൽകുമാർ**<br>(ബഹു. പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) | |
| (എ) | പുന്നമട ടൂറിസം ടെർമിനൽ അപകടാവസ്ഥയിലായിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ഇതിനുള്ള കാരണം വ്യക്തമാക്കുമോ; | (എ) | ടൂറിസം ടെർമിനലിന്റെ ഫ്ളോറിംഗ് താഴ്ന്നുപോയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രതീക്ഷിച്ചതിലും കൂടുതൽ Soil settlement ഉണ്ടായതാണ് കാരണമെന്നാണ് വിലയിരുത്തിയിട്ടുള്ളത്. |
| (ബി) | കൃത്യമായ പാരിസ്ഥിതികപഠനം നടത്താതെയും, മണ്ണുറപ്പിക്കാതെയും കെട്ടിടം നിർമ്മിച്ചതാണ് അപകടാവസ്ഥയ്ക്കു കാരണമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കേന്ദ്ര പൊതുമരാമത്തു വകുപ്പാണ് ഈ പ്രവൃത്തി നടത്തിയത്. സാങ്കേതികമായി ഏറ്റവും ഉന്നത നിലവാരത്തിൽ ദേശീയ തലത്തിൽ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുന്ന ഏജൻസിയാണ് കേന്ദ്ര പൊതുമരാമത്തു വകുപ്പ്. അവർ പ്രതീക്ഷിച്ചതിലും കൂടുതൽ മണ്ണ് താഴ്ന്നു പോയതിനാലാണ് ഫ്ളോറിംഗ് താഴേയ്ക്കു പോയത്. |
| (സി) | ടെർമിനൽ നിർമ്മാണത്തിനുള്ള കോൺട്രാക്റ്റിൽ മെയിന്റനൻസ് നടത്തുന്നതിനു വ്യവസ്ഥ ഉണ്ടായിരുന്നോ; | (സി) | ഇല്ല. |
| (ഡി) | ആരാണ് കോൺട്രാക്റ്റ് എടുത്തിരുന്നതെന്നും, അടങ്കൽ തുക എത്രയായിരുന്നുവെന്നും വ്യക്തമാക്കുമോ? | (ഡി) | വിവരം ശേഖരിച്ചു മറുപടി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ